ഉത്തരം

ഇന്ദിരാ ആവാസ് യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2014-15) അനുവദിച്ചതും നിർമ്മാണം പൂർത്തിയായതുമായ വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച വീടുകൾ	പൂർത്തിയായ വീടുകൾ
51261	50264

ഇന്ദിര ആവാസ് യോജന പദ്ധതി

35.(2667) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന) പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിഹിതം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കൾക്കുമുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാരിന്റെ വിഹിതം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജന യൂണിറ്റ് കോസ്റ്റ് 70,000 രൂപയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാന സർക്കാർ ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അധിക സംസ്ഥാന വിഹിതമായി നൽകേണ്ട തുകയിലുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി ഹഡ്കോയിൽനിന്നും 650 കോടി രൂപ വായ്പയെടുക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടി പുരോഗമിച്ചുവരുന്നു.

രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ

36 (2668) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സുംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രങ്ങൾവഴി എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.

2. വിജ്ഞാന-വിഭവ കേന്ദ്രമായി (Knowledge Resource Centre) പ്രവർത്തിക്കുക.

(i) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയേയും മറ്റ് ഗ്രാമ വികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാക്കുക.

LIBRARY ARCHIVES, Kerala Legislative Assembly